# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 20**

---

## പ്രത്യേക പ്രഭാഷണം നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ സെന്റർ ഫോർ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് സംഘടിപ്പിച്ച പ്രത്യേക പ്രഭാഷണ പരിപാടിയിൽ മനോഹർ പരീക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസ് ആന്റ് അനാലിസിസിലെ അസോസിയേറ്റ് ഫെലോ ഡോ. ദീപിക സരാസ്വത്ത് ഇറാനും ഏഷ്യയിൽ സംജാതമാകുന്ന ഭൂരാഷ്ട്രതന്ത്രവും എന്ന വിഷയത്തിൽ സംസാരിച്ചു.

ചർച്ചയിൽ എസ്.ഐ.ആർ.പി ഡയറക്ടർ ഡോ. സി. വിനോദൻ, സെന്റർ ഫോർ വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് ചെയർപേഴ്സൺ ഡോ. എം.വി. ബിജുലാൽ, ഡോ. അനിത കെ.വി, ഡോ. ലിറാർ പുളിക്കലത്ത്, അശോക് അലക്സ്, സായിദ് മോസ്ലം സാദത്ത് എന്നവർ സംസാരിച്ചു.

(പി.ആർ.ഒ/39/1261/2023)

## ബി.കോം സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ 31 മുതൽ

ബി.കോം സ്പെഷ്യൽ മെഴ്സി ചാൻസ്(ആനുവൽ സ്കീം - 1998 മുതൽ 2008 വരെ അഡ്മിഷനുകൾ റഗുലർ, 1998 മുതൽ 2011 വരെ അഡ്മിഷനുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ, 1992 മുതൽ 1997 വരെ അഡ്മിഷനുകൾ ആനുവൽ സ്കീം) പരീക്ഷകൾ ഒക്ടോബർ 31ന് ആരംഭിക്കും.

പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽനിന്ന് ഹാൾ ടിക്കറ്റുകൾ വാങ്ങി വിദ്യാർഥികൾ പരീക്ഷയ്ക്ക് ഹാജരാകണം.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/1262/2023)

## സ്പോട്ട് അഡ്മിഷൻ

എം.ജി സർവകലാശാലാ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി(ജനറൽ മെറിറ്റ്-5), എം.എസ്.സി മെറ്റീരിയൽ സയൻസ് (ജനറൽ മെറിറ്റ്-3) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

അർഹരായവർ അസ്സൽ രേഖകളുമായി ഒക്ടോബർ 25ന് 11.30ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(www.mgu.ac.in). ഫോൺ: 7736997254

(പി.ആർ.ഒ/39/1263/2023)

## എം.എഡ് പ്രവേശനം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ 2023-25 ബാച്ച് എം.എഡ് അഡ്മിഷന് ഹാജരായവരിൽ ബി.എഡ്(2021-23) അവസാന സെമസ്റ്റർ പരീക്ഷാഫലം വരാത്തതിനാൽ സമയം നീട്ടി വാങ്ങിയ എല്ലാ വിദ്യാർഥികളും അഡ്മിഷൻ മെമ്മോയിൽ നിർദേശിച്ചിട്ടുള്ള രേഖകളും ഫീസും സഹിതം പ്രവൃത്തിദിവസങ്ങളിൽ വകുപ്പ് മേധാവി മുൻപാകെ ഹാജരായി പ്രവേശനം നേടണം. ഒക്ടോബർ 26ന് ഉച്ചകഴിഞ്ഞ് മൂന്നുവരെയാണ് സമയം അനുവദിച്ചിരിക്കുന്നത്.

(പി.ആർ.ഒ/39/1264/2023)

## അപേക്ഷാ സമയപരിധി നീട്ടി

അഞ്ചാം സെമസ്റ്റർ ബി.വോക്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി നീട്ടി.

ഒക്ടോബർ 27 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഒക്ടോബർ 30ന് പിഴയോടു കൂടിയും ഒക്ടോബർ 31ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/1265/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ,ബി.കോം(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ

അഡ്മിഷൻ സപ്ലിമെൻററി), അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ,ബി.കോം(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ഒക്ടോബർ 25 മുതൽ 27 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫൈനോടു കൂടി ഒക്ടോബർ 28 മുതൽ 30 വരെയും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 31നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1266/2023)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ സ.ബി.സി.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ(2021 അഡ്മിഷൻ റഗുലർ - ഫെബ്രുവരി 2023) പരീക്ഷയുടെ ഫലം പ്രസദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ മൂന്നു വരെ ഓൺലൈനിൽ സമർപ്പിക്കാം.

.........................

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ രണ്ടു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1267/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**